# പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1584.

04.12.2015 ലെ മറുപടിക്ക്

### ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ** | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗ ഉദ്യോഗാർത്ഥികളുടെ പരിശീലനത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷമത വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപരീക്ഷകൾക്ക് ശാസ്ത്രീയ പരിശീലനം നല്കുന്നതിനും അവരെ പ്രാപ്തരാക്കി ഉദ്യോഗരംഗത്തെ പ്രവേശനം ഉറപ്പാക്കുന്നതിനായും നിലവിൽ 14 ജില്ലകളിലായി 16 പരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ മുഖേന എത്രപേർ പരിശീലനം നേടിയെന്നും എത്രപേർക്ക് ഉദ്യോഗം ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ ; | (ബി) | 15,051 പേർ പരിശീലനം നേടുകയും 611 പേർക്ക് ഉദ്യോഗം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |
| (സി) പരിശീലന കേന്ദ്രങ്ങളുടെ സബ് സെൻററുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ? | (സി) | വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 21 ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**